കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ സി.ഡി.ഡി. വാട്ട്സൺ ടെക്നിക്കൽ കോ-ഓഡിനേറ്ററുടെ ചുമതല ആലപ്പുഴ ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (പി&എം)ന് കൈമാറിയ നടപടി - സാധൂകരണം നൽകുന്നത് സംബന്ധിച്ച് - സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.3177/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 23.11.2016.

---

പരാമർശം:- 1) ഗ്രാമവികസന കമ്മീഷണറുടെ 13.06.2016-ലെ 8544/എസ്റ്റാ.എ1/2016/സിആർഡി നമ്പർ നടപടിക്രമം.

2) ഗ്രാമവികസന കമ്മീഷണറുടെ 21.08.2016-ലെ 8544/എസ്റ്റാ.എ1/2016/സിആർഡി നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം ആലപ്പുഴ സി.ഡി.ഡി. വാട്ട്സൺ ടെക്നിക്കൽ കോ-ഓഡിനേറ്ററുടെ ചുമതലയിൽ നിന്നും ശ്രീ. അനിലിനെ വിടുതൽ ചെയ്ത നടപടിയും, ആലപ്പുഴ സി.ഡി.ഡി. വാട്ട്സൺ ടെക്നിക്കൽ കോ-ഓഡിനേറ്ററുടെ ചുമതല ആലപ്പുഴ ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (പി&എം), ശ്രീമതി. ബിൻസ്. സി. തോമസിന് കൈമാറിയ നടപടിയും സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ സി.ഡി.ഡി. വാട്ട്സൺ ടെക്നിക്കൽ കോ-ഓഡിനേറ്ററുടെ ചുമതലയിൽ നിന്നും ശ്രീ. അനിലിനെ വിടുതൽ ചെയ്തതിനും, ആലപ്പുഴ സി.ഡി.ഡി. വാട്ട്സൺ ടെക്നിക്കൽ കോ-ഓഡിനേറ്ററുടെ പൂർണ്ണ അധിക ചുമതല ആലപ്പുഴ ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (പി&എം), ശ്രീമതി. ബിൻസ്. സി. തോമസിന് കൈമാറിയ ഗ്രാമവികസന കമ്മീഷണറുടെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**സന്തോഷ് കുമാർ എസ്.ആർ.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ. അനിൽ, സി.ഡി.ഡി. വാട്ട്സൺ ടെക്നിക്കൽ കോ-ഓഡിനേറ്റർ, ആലപ്പുഴ
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ശ്രീമതി. ബിൻസ്. സി. തോമസ്, ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (പി&എം), ആലപ്പുഴ (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
✓ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Beena
സെക്ഷൻ ഓഫീസർ